ശിലായുധങ്ങൾ ഉപയോഗിച്ച് ക്രൂരമൃഗങ്ങളെ കീഴടക്കുവാൻ അന്നു മനുഷ്യനു കഴിഞ്ഞു. അതിനുശേഷം, മനുഷ്യവർഗത്തിന്റെ അതിജീവനം നിശ്ചിതമായിരുന്നു. എന്നാൽ, 1945—ലെ അണുസ്ഫോടനങ്ങൾക്കു ശേഷം മനുഷ്യവർഗ്ഗത്തിന്റെ തുടർന്നുള്ള നിലനില്പ് ഒരിക്കൽക്കൂടി സന്ദിഗ്ദ്ധമായിത്തീർന്നിരിക്കുന്നു. കാരണം, നാംതന്നെ നമ്മെ ഹിംസിക്കുന്ന സിംഹങ്ങളും പുലികളും മററു ക്രൂരമൃഗങ്ങളുമായി മാറിയിരിക്കുന്നു. പത്തു ലക്ഷം വർഷം നീണ്ട നമ്മുടെ ചരിത്രത്തിൽ ഇതിനുമുമ്പ് എപ്പോഴെങ്കിലും നേരിട്ടിട്ടുള്ളതിനെക്കാൾ എത്രയോ വലിയ ഒരു വിപത്താണു മനുഷ്യവർഗത്തിന് ഇപ്പോൾ നേരിട്ടിട്ടുള്ളത്.

ആ വിപത്ത് അണുയുദ്ധമെന്ന വിപത്താണ്. അതു തടയുന്നതിനുവേണ്ടി ഐക്യരാഷ്ട്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പരിശ്രമങ്ങളുടെ പേരിലാണു സമാധാനത്തിനുള്ള നോബൽസമ്മാനം ഡോ. റോബ്ലസിനു നൽകിയത്.

പക്ഷേ, അണു—ആയുധങ്ങൾ നിരോധിക്കപ്പെട്ടിട്ടില്ല. അവ നിരോധിക്കുന്നതിനു നടത്തിയിരുന്ന സംഭാഷണങ്ങളും നിലച്ചിരിക്കുന്നു. മരണത്തിന്റേതായ ഈ മൗനത്തിനിടയിൽ, യൂറോപ്പിലാകെ പുതിയ പുതിയ അണു—ആയുധങ്ങൾ ഘടിപ്പിച്ച മിസൈലുകൾ വിന്യസിക്കപ്പെടുന്നു. പകരം, അമേരിക്കയ്ക്കു ചുററും കടലുകളിൽ അണു—ആയുധങ്ങൾ വച്ച റഷ്യൻ മുങ്ങിക്കപ്പലുകൾ പതുങ്ങിനടക്കുന്നു.

നമുക്ക് എന്തുചെയ്യാൻ കഴിയും?

വസ്തുതകൾ മനസ്സിലാക്കാനെങ്കിലും നമുക്കു കഴിയും. നമ്മെ വലയം ചെയ്തിരിക്കുന്ന വിപത്ത് എന്തെന്നു നാം മനസ്സിലാക്കുക. മനുഷ്യവർഗത്തെ മാത്രമല്ല, ജീവിതത്തെയാകെത്തന്നെ നിശ്ചിതമായ നാശത്തിലേക്കു തള്ളി നീക്കിക്കൊണ്ടിരിക്കുന്ന സൈനികമേധാവിത്തത്തിനെതിരേ നമുക്കു പ്രതിഷേധിക്കുക.

നാം മരിക്കുകയാണെങ്കിൽ, മരിക്കുന്നതു മരണത്തിനെതിരെ പൊരുതിക്കൊണ്ട് ആയിരിക്കട്ടെ!

മൃത്യോർമാ അമൃതം ഗമയ!

(8 ഏപ്രിൽ, 1984)

# 9. ചൈനയുടെ ആയിരം അണുബോംബ്കൾ

'നിങ്ങൾക്കു നാലു ടൺ ഡൈനാമൈററ്' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'ഇപ്പോൾ അമേരിക്ക, സോവ്യററ് യൂണിയൻ എന്നീ രാജ്യങ്ങളുടെ കൈയിലാണു മുഖ്യമായും അണുബോംബുകൾ ഉള്ളത്. ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങളുടെ കൈയിലും ഉണ്ട് ഏതാനും അണുബോംബുകൾ. ചൈനയും അണുബോംബുകൾ ഉണ്ടാക്കിവച്ചിട്ടുണ്ടാവാം.'

ചൈനയിലെ അണുബോംബുശേഖരണത്തെപ്പററി ചില വിവരങ്ങൾ ഇപ്പോൾ അറിവായിട്ടുണ്ട്. ഹോങ്കോങ്ങിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതും പട്ടാളകാര്യങ്ങൾ സംബന്ധിച്ചതുമായ ഒരു ആനുകാലികമാണ് ഈ വിവരങ്ങൾ വെളിപ്പെടുത്തിയത്.

അണു—ആയുധങ്ങളുടെ കാര്യത്തിൽ അമേരിക്കയുടെയും സോവ്യററ് റഷ്യയുടെയും തുല്യനില കൈവരിക്കുകയാണു ചൈനയുടെ ലക്ഷ്യം.

ഇതിനായി, വൻതോതിലുള്ള ഒരു അണു—ആയുധശേഖരം ചൈന സംഭരിച്ചുവരികയാണ്.

റോക്കററിൽ കയററി 3500—ഓളം മൈൽ അകലെ വിക്ഷേപിക്കാവുന്ന വലിയ തരം 'സ്ട്രാറെറജിക്' അണു—ആയുധങ്ങളും, പീരങ്കിയിൽ നിറച്ചും മററും യുദ്ധഭൂമിയിൽ നൂറു കിലോമീററർവരെ ദൂരത്തിൽ, പ്രയോഗിക്കാവുന്ന ചെറിയ തരം 'ടാക്ററിക്കൽ' അണു—ആയുധങ്ങളും ചൈന ഇതിനകം നിർമിച്ചു സംഭരിച്ചിട്ടുണ്ട്.

പീരങ്കിയുണ്ടകൾ, മൈനുകൾ എന്നീ തരത്തിൽപെട്ട 150—ഓളം ചെറുകിട അണു—ആയുധങ്ങൾ ഇപ്പോൾ ചൈനയുടെ കൈവശം ഉണ്ടത്രേ. ഇവ പ്രയോഗിക്കാനുള്ള പീരങ്കികളും അല്പ—ദൂര—മിസൈലുകളും തയ്യാറായിട്ടുണ്ടെന്നു പറയേണ്ടതില്ല. രണ്ടായിരം ടൺമുതൽ ഇരുപതിനായിരം ടൺവരെ വിസ്ഫോടനശക്തിയുള്ളവയാണ് ഈ ചെറുകിട അണു—ആയുധങ്ങൾ (ഹിറോഷിമാബോംബിൻെറ വിസ്ഫോടനശക്തി പതിമൂവായിരം ടൺ ആയിരുന്നു എന്ന് ഓർക്കുക). ചൈനയുടെ കൈവശമുള്ള അണു—ആയുധശേഖരത്തിൽ ആറിലൊന്നോളം ഇത്തരം 'ടാക്ററിക്കൽ' ആയുധങ്ങളാണ്. ഇനിയൊരു യുദ്ധമുണ്ടായാൽ ഇന്ത്യയിലോ, വിയററ്നാമിലോ ഉള്ള പടനിലങ്ങളിൽ ഈ ആയുധങ്ങൾ ചൈന പ്രയോഗിച്ചുകൂടായ്കയില്ല.

വൻകിട—ചെറുകിട ആയുധങ്ങളടക്കം ആയിരം അണുബോംബുകളിലേറെ ഇപ്പോൾ ചൈനയുടെ കൈയിൽ ഉണ്ട്. ഇവയിൽ 47 ശതമാനവും ബോംബർ വിമാനങ്ങളിൽ കയററി ശത്രുരാജ്യങ്ങളിൽ വിക്ഷേപിക്കാൻ ഉള്ളവയാണ്. 'ഹോങ്—6' എന്നും 'കുീയാങ്—5' എന്നും പേരുള്ള രണ്ടുതരം യുദ്ധവിമാനങ്ങൾ ഈ ആവശ്യത്തിനായി ചൈന സജ്ജീകരിച്ചിരിക്കുന്നു.

അണുബോംബ് നിശ്ചിതലക്ഷ്യത്തിൽ എത്തിക്കുന്നതിനു കഴിവുള്ള മൂന്നുതരം മിസൈലുകൾ (വാണങ്ങൾ) ചൈന തയ്യാറാക്കിയിട്ടുണ്ട്. 'സി എസ് എസ്—1' എന്നതരം മിസൈലുകളിൽ ഇരുപതിനായിരം ടൺമുതൽ നാല്പതിനായിരം ടൺവരെ വിസ്ഫോടനശക്തിയുള്ള ചെറുതരം അണുബോംബുകൾ ഘടിപ്പിക്കാം. ഇത്തരം നൂറു മിസൈലുകൾ ചൈനയുടെ കൈവശം ഇപ്പോൾ ഉണ്ട്. മറെറാരുതരം മിസൈലുകൾ മുങ്ങിക്കപ്പലുകളിൽനിന്നു പ്രയോഗിക്കാനുള്ളവയാണ്. 'സി എസ് എസ്—2', 'സി എസ് എസ്—3', 'സി എസ് എസ്—4' എന്നതരം അന്തർഭൂഖണ്ഡ—റോക്കററുകളാണ് ഇനി ഒരു വിഭാഗം. ഇവയിൽ ഒരു ലക്ഷം ടൺമുതൽ നാലുതു ലക്ഷം ടൺവരെ വിസ്ഫോടനശക്തിയുള്ള വലിയ തരം അണുബോംബുകൾ തൊടുത്തു വിടാം. ഇത്തരം നൂററമ്പതു റോക്കററുകൾ ഇപ്പോൾ ചൈന തയ്യാറാക്കിയിട്ടുണ്ട്.

മൂവായിരംമുതൽമൂവായിരത്തഞ്ഞൂറുവരെ കിലോമീററർ അകലേക്കു വിക്ഷേപിക്കാവുന്ന ഒരു അന്തർ—ഭൂഖണ്ഡ—റോക്കററ് (ഐ സി ബി എം) 1976—ൽ ചൈന പരീക്ഷണാത്മം വിക്ഷേപിച്ചു. പിന്നീട് ഇത്തരം റോക്കററുകളുടെ നിർമാണത്തിൽ വലിയ പുരോഗതി ചൈന നേടി. 1978—ൽ ചൈന എട്ട് ഉപഗ്രഹങ്ങൾ അന്തരീക്ഷത്തിൽ വിക്ഷേപിച്ചു. 1980 മെയ് മാസത്തിൽ ചൈന വിജയകരമായി വിക്ഷേപിച്ച 'സി എസ് എസ്—എക്സ്—4' എന്ന റോക്കററ് ചൈനയിൽനിന്നു വിട്ടാൽ അമേരിക്കയിൽ ചെന്നു നിശ്ചിത ലക്ഷ്യത്തിൽ വീഴാൻ കെല്പുള്ളതായിരുന്നു; അതായതു് അമേരിക്കയുടെ 'ടൈററൻ—2', റഷ്യയുടെ 'എസ് എസ്—9' എന്നീ റോക്കററുകളുടെ വർഗത്തിൽപ്പെട്ടതായിരുന്നു. പല ലക്ഷ്യങ്ങളിൽ വീഴ്ത്തേണ്ട പല അണു—ആയുധങ്ങൾ ഇത്തരം ഒരു

ഒററ റോക്കററിൽ ഘടിപ്പിക്കാം. ദ്രവരൂപത്തിലും ഖരരൂപത്തിലുമുള്ള ഇന്ധനങ്ങൾ ഉപയോഗിക്കുന്ന റോക്കററുകൾ ചൈന നിർമിക്കുന്നുണ്ട്.

അമേരിക്കയിലെ 'പോളാരിസ്''പോലെ', അണുശക്തികൊണ്ടു പ്രവർത്തിക്കുന്ന ഏതാനും മുങ്ങിക്കപ്പലുകൾ ഇപ്പോൾ ചൈനയുടെ കൈവശം ഉണ്ട്. പക്ഷേ, ഇവയുടെ എണ്ണം വേണ്ടത്ര ആയിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

അമേരിക്ക, റഷ്യ, ചൈന എന്നീ മൂന്നു വൻശക്തികൾ ഉൾപ്പെട്ട ഒരു 'ശക്തിത്രികോണം' ആണ് ഭാവിലോകത്തിൽ ചൈന വിഭാവനംചെയ്യുന്നതു്. ഈ മൂന്നു 'കോണു'കളിൽ ഓരോന്നും, മററു രണ്ടിനെയും ഒരേ സമയം ചെറുത്തുനില്ക്കാനുള്ള കഴിവ് ആർജിക്കുമ്പോൾ മാത്രമേ ഭാവി ലോകത്തിൽ ശക്തിസന്തുലനവും അതിൻഫലമായി യുദ്ധമില്ലായ്മയും നിലനിൽക്കൂ എന്നാണു സങ്കല്പം. അന്തർ—ഭൂഖണ്ഡറോക്കററുകൾ വികസിപ്പിച്ചതുവഴി, സ്വന്തം അണു—ആയുധങ്ങൾ റഷ്യയ്ക്കെന്നപോലെ അമേരിക്കയ്ക്കും എതിരായി പ്രയോഗിക്കാനുള്ള കഴിവ് ഇപ്പോൾ ചൈനയ്ക്കു കൈവന്നിരിക്കുന്നു. റഷ്യയുമായി അതിർത്തിത്തർക്കം അടക്കം പല പ്രശ്നങ്ങളും ചൈനയ്ക്കും ഭാവിയിൽ സംസാരിക്കേണ്ടിവരും. ആ ഘട്ടത്തിൽ ഒരു ദുർബലരാഷ്ട്രമെന്ന നിലയിലല്ലാതെ, ഒരു ശക്തരാഷ്ട്രമെന്ന നിലയിൽ റഷ്യയെ നേരിടുകയാണു ചൈനയുടെ അണു—ആയുധ സംഭരണത്തിൻെറ ഇപ്പോഴത്തെ മുഖ്യ ലക്ഷ്യം. പത്തു വർഷം മുമ്പ്, റഷ്യയ്ക്കെതിരെ നിവർന്നുനില്ക്കാൻ ചൈനയ്ക്കു കരുത്തു നൽകിയതു് അമേരിക്കയുടെ സഹായം ആണ്. അമേരിക്കൻ സഹായത്തിൽ അതിരുകടന്ന ഊന്നൽ ആപൽക്കരമാണെന്നു ചൈനയ്ക്കു് അറിയാം.

സ്വന്തം ബലത്തെ ആശ്രയിച്ചുതന്നെ റഷ്യയെ നേരിടാൻ വേണ്ട കോപ്പ് ഇപ്പോൾ ചൈന നേടിയിരിക്കുന്നു. 1976—ൽ മാവോസേതുങ്ങിൻെറ മരണത്തിനുശേഷം, അമേരിക്കയുമായി നല്ല ബന്ധം സ്ഥാപിക്കാനാണ് ഒെങ് സ്യാവോ പിങ്ങിൻെറ നേതൃത്വത്തിൽ ചൈന ശ്രമിച്ചതു്. ജപ്പാനും ചൈനയും അമേരിക്കയും ചേർന്ന് 'റഷ്യൻ ധ്രുവക്കരടി'യെ നിലയ്ക്കുനിർത്തണമെന്ന് 1978 ഡിസംബറിൽ ഒെങ് സ്യാവോ പിങ് പ്രഖ്യാപിച്ചു. താമസിയാതെ ചൈന അടവു മാററി. വിയററ്നാമുമായുള്ള യുദ്ധത്തിനുശേഷം, 1979—ൽ ചൈന സോവ്യററ്യൂണിയനുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ ശ്രമം ആരംഭിച്ചു. ഈ ശ്രമം തണുത്തതു് റഷ്യ അഫ്ഗാനിസ്ഥാനിൽ ഇടപെട്ടപ്പോഴാണ്. പ്രസിഡണ്ട് കാർട്ടറുടെ കാലത്തു് സോവ്യററ്യൂണിയനുമായി രമ്യതയിലെത്താൻ (ദേത്താന്ത്) അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കേ തങ്ങൾക്കെതിരെ അമേരിക്ക റഷ്യയുടെ കൂട്ടുപിടിച്ചേക്കുമോ എന്ന ആശങ്ക ചൈനീസ് നേതാക്കളിൽ ഉളവായി. റഷ്യയ്ക്കെന്നപോലെ അമേരിക്കയ്ക്കും എതിരെ ഒരു അണു—ആയുധ ശേഖരം പടുത്തുയർത്തേണ്ടതിൻെറ ആവശ്യകത ചൈനീസ് നേതാക്കൾക്കു ബോധ്യപ്പെട്ടതു് അക്കാലത്താണ്.

ബാവോതൗ (Baotou), യുമെൻ (Yumen) എന്നിവിടങ്ങളിലായി 440 ഗ്രാം പ്ളൂട്ടോണിയവും ചൈന ആണ്ടുതോറും ഉല്പാദിപ്പിക്കുന്നു. യുറേനിയവും പ്ളൂട്ടോണിയവുമാണല്ലോ അണുബോംബുകളിലെ ഇന്ധനങ്ങൾ. ഗിങ്ഹായ് (Ginghai) എന്ന സ്ഥലത്തു തറനിരപ്പിൽ നിന്നു മുപ്പതു മീററർ ആഴത്തിൽ, ഭൂമിക്കടിയിൽ ആണ് ചൈനയിലെ ഒരു അണുബോംബ് നിർമാണശാല. ഇതിനടുത്തു് ഹൈയൻ (Haiyen) എന്ന സ്ഥലത്തു് ഉള്ള ഫാക്ടറിയിൽ ഹൈഡ്രജൻ—ബോംബ് നിർമിച്ചുവരുന്നു. ഹാർബിൻ (Harbin) എന്ന സ്ഥലത്താണു ചൈനയുടെ മൂന്നാമത്തെ അണു—ആയുധനിർമാണശാല. ബൈജിങ്, ചോൻഗോങ് (Chongong), ഷെന്യാങ് (Shenyang), ക്ഷിയാൻ

(Xian) എന്നിവിടങ്ങളിലും അണു—ആയുധങ്ങളുടെ ഭാഗങ്ങൾ നിർമിക്കുകയോ, അവ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിനുള്ള യന്ത്രശാലകൾ ഉണ്ട്.

ലാൻസൗ (Lanzhou) എന്ന സ്ഥലത്തുള്ള യുറേനിയം ഫാക്ടറിയിൽ ചൈന 90 ശതമാനത്തോളം 'സമ്പന്നത' നേടിയ 375 കിലോഗ്രാം യുറേനിയം ആണ്ടുതോറും ഉല്പാദിപ്പിക്കുന്നു. മൂന്നു ഘടകങ്ങളുള്ള ഈ ഫാക്ടറിക്ക് ചുരുങ്ങിയത് 1025 മെഗാവാട്ട് വിദ്യുച്ഛക്തി ആവശ്യമുണ്ട്. കേരളത്തിലെ ആകെ വിദ്യുച്ഛക്ത്യുല്പാദനത്തെക്കാൾ കൂടുതലാണ് ഇത്.

ഹോങ്കോങ് ആനുകാലികം വെളിപ്പെടുത്തുന്ന വിവരങ്ങൾ ശരിയാണെങ്കിൽ, ചൈനയുടെ അണു—ആയുധശേഖരം, റഷ്യയെ മാത്രമല്ല, വേണ്ടിവന്നാൽ അമേരിക്കയെക്കൂടി എതിർക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അമേരിക്കയുമായി ഇന്നുള്ള മൈത്രി എന്നും നിലനിർത്താൻ കഴിയുമെന്ന് ചൈന വിശ്വസിക്കുന്നില്ല.

ആദ്യം ഒരു അടി അടിക്കാമെന്നല്ലാതെ, ശത്രുരാജ്യത്തിന്റെ കനത്ത ഒരാക്രമണത്തിനുശേഷം രണ്ടാമതൊരു തിരിച്ചടി നൽകുന്നതിനുള്ള അണു—ആയുധശേഷി (സെക്കൻഡ് സ്ട്രൈക്ക് കേപ്പബിലിററി) ചൈനയ്ക്ക് ഇനിയും കൈവന്നിട്ടില്ല. ഈ ശേഷി ചൈനയ്ക്ക് ഉളവാകുമ്പോൾ മാത്രമേ മുമ്പു പ്രസ്താവിച്ച 'ശക്തിത്രികോണം' ലോകത്തിൽ നിലവിൽ വരികയുള്ളു. ഇന്നത്തെ നിലയിലുള്ള ആയുധനിർമാണം തുടർന്നുപോയാൽ, ചുരുങ്ങിയതു രണ്ടു പതിററാണ്ടുകൾകൊണ്ടേ അണു—ആയുധങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെയും റഷ്യയുടെയും ഒപ്പമെത്താൻ ചൈനയ്ക്കു സാധിക്കുകയുള്ളു എന്നാണു വിദഗ്ധന്മാർ കരുതുന്നത്.

എന്നാലും, ആയിരം അണുബോംബുകളോളം ചൈനയുടെ കൈയിലുണ്ടെന്ന വസ്തുത ഇന്ത്യയിലുള്ള നാം കാണാതിരുന്നുകൂടാ. അണു—ആയുധനിർമാണത്തിനു പാക്കിസ്ഥാനെ ചൈന സഹായിച്ചുവരുന്നുണ്ടെന്ന് ഈയിടെ അമേരിക്ക വെളിപ്പെടുത്തുകയുണ്ടായെന്നും നാം മറക്കരുത്. ഈ രണ്ടു രാജ്യങ്ങളും ഇന്ത്യയെ ആക്രമിച്ചിട്ടുള്ളവയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ ഉൾപ്പെട്ടിരുന്ന വിശാല ഭൂഭാഗങ്ങൾ ഈ രണ്ടു രാജ്യങ്ങളും ഇപ്പോൾ ബലമുപയോഗിച്ചു കീഴടക്കി കൈവശംവെച്ചു ഭരിച്ചുവരുന്നു. ഈ രാജ്യങ്ങളുമായി നമുക്കുള്ള അതിർത്തിത്തർക്കങ്ങൾ തീരുമാനത്തിലെത്താതെ പുകഞ്ഞുനീറിക്കൊണ്ടിരിക്കുകയാണ്.

(ഈ കുറിപ്പിലടങ്ങിയ വസ്തുതകൾ മാർച്ച് 29—ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ സത്യവ്രത റായ് ചൗധരി എഴുതിയ ലേഖനത്തിൽ നിന്നാണ്.)

(29 ഏപ്രിൽ, 1984)

# 10. പാക്കിസ്ഥാൻ

പാക്കിസ്ഥാനിലെ പ്രസിഡണ്ടും മുഖ്യ പട്ടാളനിയമഭരണാധികാരിയുമായ സിയാ ഉൾഹക്ക്, അവിടത്തെ 'മജ്‌ലിസ്—ഇ—ഷൂര' എന്ന ഉപദേശകസമിതിയിൽ, ഓഗസ്റ്റ് 14—ന് താൻ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഭരണപരിഷ്കാരങ്ങളെപ്പററി ഒരു പ്രഖ്യാപനം നടത്തി. 1973 ഏപ്രിൽ മാസത്തിൽ അന്നത്തെ പാക്കിസ്ഥാൻ നാഷനൽ അസംബ്ലി